മാധ്യമം

11 January 2020

## മത്തി കുറവ്



# നഷ്ടം നേരിട്ട് ചെറുകിട മത്സ്യത്തൊഴിലാളികൾ



● ചെറുകിട വള്ളം ഉപയോഗിച്ചുള്ള മീൻപിടിത്തം പകുതിയിലേറെ കുറഞ്ഞു

**കൊച്ചി:** മത്തിയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവ് കാരണം ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് കനത്ത നഷ്ടമുണ്ടായതായി കണ്ടെത്തൽ. മത്തിയുടെ കുറവുമൂലം 2014 മുതൽ ചെറുകിട വള്ളങ്ങൾ ഉപയോഗിച്ചുള്ള മീൻപിടിത്തം പകുതിയിലേറെ കുറഞ്ഞതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) ഗവേഷകർ കണ്ടെത്തി. സി.എം.എഫ്.ആർ.ഐയിൽ നടന്ന രാജ്യാന്തര മറൈൻ സിമ്പോസിയത്തിലാണ് പഠന റിപ്പോർട്ട് അവതരിപ്പിച്ചത്.

ചെറിയ വള്ളങ്ങളിൽനിന്നുള്ള ശരാശരി വരുമാനം 12,000 രൂപയായിരുന്നത് 2014നുശേഷം ശരാശരി 2500 രൂപയായി കുറഞ്ഞുവെന്ന് പഠനത്തിന് നേതൃത്വം നൽകിയ സീനിയർ സയൻറിസ്റ്റ് ഡോ. എൻ. അശ്വതി പറഞ്ഞു.

2010 മുതൽ 2018 വരെയുള്ള മത്സ്യലഭ്യതയും വരുമാനവുമാണ് പഠനവിധേയമാക്കിയത്. ഇക്കാലയളവിൽ മത്തിയുടെ ലഭ്യത 2.5 ലക്ഷം ടണ്ണിൽ നിന്ന് 77,000 ടണ്ണായാണ് കുറഞ്ഞത്.

ശരാശരി 19.82 ശതമാനം വാർഷിക കുറവാണ് മത്തിക്കുണ്ടായത്. മത്തിക്ക് ക്ഷാമം നേരിട്ടപ്പോൾ, ചില്ലറ വ്യാപാരത്തിൽ മത്തിയുടെവില ശരാശരി 47 രൂപയിൽനിന്ന് 120 രൂപയായി ഉയർന്നു. എന്നിട്ടും മൂല്യം 1219 കോടി രൂപയിൽനിന്ന് 925 കോടിയായി ഇടിഞ്ഞു.

കേരളത്തിലെ സാധാരണ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വെളിപ്പെടുത്തതാണ് പഠനം. മത്തിയുടെ ഏറ്റക്കുറച്ചിലുകൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെ നേരിട്ട് ബാധിക്കുന്നതാണെന്ന് ഡോ. അശ്വതി പറഞ്ഞു.

2012ൽ 3.9 ലക്ഷം ടൺ മത്തി കേരളതീരങ്ങളിൽ ലഭിച്ചിരുന്നു. എന്നാൽ, പിന്നീടുള്ള വർഷങ്ങളിൽ ഗണ്യമായ കുറവുണ്ടായി. 2017ൽ നേരിയ വർധനവുണ്ടായെങ്കിലും വീണ്ടും കുറയുകയാണുണ്ടായത്. 2018ൽ 77,093 ടൺ മത്തിയാണ് കേരളത്തിൽ ലഭ്യമായത്.

സി.എം.എഫ്.ആർ.ഐയിൽ നാലുദിവസമായി നടന്ന സിമ്പോസിയത്തിൽ കാലാവസ്ഥ വ്യതിയാനം, കടലിലെ ആവാസ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, മത്സ്യബന്ധനരീതികൾ, മത്സ്യകൃഷി, സാമ്പത്തിക പ്രതിഫലനം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നു.